प्रेस प्रकाशनी प्रस्सू रिलीस്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi

വെബ്സൈറ്റ് : www.rbi.org.in
ई-मेल/ **ഇമെയിൽ** : helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, കേന്ദ്ര കാര്യാലയം, ഷാഹിദ് ഭഗത് സിംഗ് മാർഗ്, ഫോർട്ട്, മുംബൈ- 400 001 ഫോൺ/ഫോൺ **: 022 - 2266 0502**

മേയ് 21, 2026

എകെജി ഇൻഫിൻ പ്രൈവറ്റ് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി.

'ഓഹരി ഉടമസ്ഥാവകാശമോ നിയന്ത്രണമോ ഏറ്റെടുക്കുന്നത്' സംബന്ധിച്ച് ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി.ഐ) പുറപ്പെടുവിച്ച ചില നിർദ്ദേശങ്ങൾ പാലിക്കാത്തതിന്, എകെജി ഇൻഫിൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കു (പ്രസ്തുത കമ്പനി) മേൽ ആർ.ബി.ഐ. 2026 മെയ് 18-ലെ ഉത്തരവ് പ്രകാരം 1.80 ലക്ഷം രൂപ (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1934-ലെ ആർ.ബി.ഐ. ആക്റ്റിലെ വകുപ്പ് 58G(1)(b) -യോടൊപ്പം വായിക്കേണ്ട വകുപ്പ് 58B(5)(aa) പ്രകാരം ആർ.ബി.ഐ.-യിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പുതിയ നിക്ഷേപകർ കമ്പനിയുടെ പെയ്ഡ്-അപ്പ് ഇക്വിറ്റി മൂലധനത്തിന്റെ 26 ശതമാനത്തിലധികം വരുന്ന ഓഹരികളോ നിയന്ത്രണമോ ഏറ്റെടുക്കുന്നതിന് മുൻകൂട്ടിയുള്ള അനുമതിക്ക് പകരം പിന്നീട് അനുമതി (post-facto approval) തേടിയതുമായി ബന്ധപ്പെട്ട് ആർ.ബി.ഐയും പ്രസ്തുത കമ്പനിയും തമ്മിൽ നടന്ന ആശയവിനിമയത്തിൽ, ആർ.ബി.ഐ.യുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ലെന്ന് വ്യക്തമായി. ഇതിന്റെ അടിസ്ഥാനത്തിൽ, ആർ.ബി.ഐ.യുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതിന് എന്തുകൊണ്ട് പിഴ ചുമത്തിക്കൂടാ എന്നതിനെക്കുറിച്ച് കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കമ്പനിക്ക് നോട്ടീസ് നൽകി. നോട്ടീസിനുള്ള പ്രസ്തുത കമ്പനിയുടെ മറുപടിയും നേരിട്ടുള്ള വാദം കേൾക്കൽ വേളയിൽ നടത്തിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ച ശേഷം, മറ്റ് കാര്യങ്ങൾക്കൊപ്പം, പ്രസ്തുത കമ്പനിക്കെതിരെ ഇനിപ്പറയുന്ന കുറ്റം (ചാർജ്) നിലനിൽക്കുന്നുണ്ടെന്ന് ആർ.ബി.ഐ കണ്ടെത്തുകയും തന്മൂലം പണപ്പിഴ ചുമത്തൽ നിർബ്ബന്ധിതമാവുകയും ചെയ്തു:

പ്രസ്തുത കമ്പനിയുടെ പെയ്ഡ്-അപ്പ് ഇക്വിറ്റി കാപിറ്റലിന്റെ 26 ശതമാനത്തിൽ കൂടുതലുള്ള ഓഹരി പങ്കാളിത്തത്തിൽ മാറ്റം വരുത്തുന്നതിന് ആർ.ബി.ഐ.യുടെ മുൻകൂർ രേഖാമൂലമുള്ള അനുമതി നേടുന്നതിൽ കമ്പനി പരാജയപ്പെട്ടു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത കമ്പനി അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത കമ്പനിക്കെതിരെ ആർ.ബി.ഐ മേലിൽ

ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

(ബ്രിജ് രാജ്)

പത്രക്കുറിപ്പ്: 2026-2027/304 ചീഫ് ജനറൽ മാനേജർ